# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ലോക സാമ്പത്തിക ഫോറത്തിൻറെ 55-ാ൦ മത് വാർഷിക യോഗം ഇന്ന് ദാവോസിൽ ആരംഭിക്കും. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിൻറെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം പങ്കെടുക്കും.

**The 55th World Economic Forum (WEF) Annual Meeting will begin today at Davos in Switzerland. The Indian delegation led by Union Minister Ashwini Vaishnav will participate.**

2). ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

**Today is last date for withdrawal of nominations for Delhi Assembly elections.**

3). ഗസയിൽ വെടിനിർത്തൽ കരാർ നിലവിൽ വന്നതിൻറെ ഭാഗമായി ബന്ദികളെ വിട്ടയച്ചു തുടങ്ങി.

**Israel says three hostages, who had been held by Hamas in Gaza for 15 months, are back in Israeli territory.**

4). അമേരിക്കയുടെ 47-ാ൦മത് പ്രസിഡൻറായി ഡോണൾഡ് ജെ ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**Donald J Trump will take the oath of office today as the 47th president of the United States of America.**

5). മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്ങിന് ഇന്ന് കേരള നിയമസഭ ആദരാഞ്ജലി അർപ്പിക്കും.

**The Kerala Assembly will pay tribute to former Prime Minister Manmohan Singh today.**

**6). പ്രഥമ ഖോ ഖോ ലോക കപ്പിൽ ഇന്ത്യയുടെ പുരുഷ-വനിതാ ടീമുകൾ ജേതാക്കളായി. അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.**

**India scripted history in inaugural edition of the Kho Kho World Cup with both Men's and Women's teams lifting the trophies in New Delhi last evening.**

==========================================

## WORLD ECONOMIC FORUM

ലോക സാമ്പത്തിക ഫോറത്തിൻറെ 55-ാം മത് വാർഷിക യോഗം ഇന്ന് സ്വിറ്റ്സർലൻഡിലെ ദാവോസിൽ ആരംഭിക്കും. അഞ്ച് ദിവസത്തെ പരിപാടിയിൽ, ഇന്ത്യയുടെ സമഗ്ര വളർച്ചയുടെയും ഡിജിറ്റൽ മേഖലയിലെ മുന്നേറ്റത്തിൻറെയും മാതൃക ഉയർത്തിക്കാട്ടപ്പെടും. കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവിൻറെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘത്തിൽ കേന്ദ്രമന്ത്രിമാരായ സി.ആർ. പാട്ടീൽ, കെ. റാംമോഹൻ നായിഡു, ചിരാഗ് പാസ്വാൻ, കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി എന്നിവരും ഉണ്ടാകും. ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തെലങ്കാന, തമിഴ്നാട്, ഉത്തർപ്രദേശ്, കേരളം എന്നീ ആറ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും.

==========================================

## DELHI – ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. 70 സീറ്റുകളിലേക്ക് ആകെ 719 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ ന്യൂഡൽഹി നിയമസഭാ മണ്ഡലത്തിലാണ്. അഞ്ചുവീതം പേർ മത്സരിക്കുന്ന പട്ടേൽ നഗർ, കസ്തൂർബ നഗർ സീറ്റുകളിലാണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ. ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് അടുത്ത മാസം അഞ്ചിന് നടക്കും, എട്ടിനാണ് വോട്ടെണ്ണൽ.

=============================================

## POST - 75 YEAR CONSTITUTION

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തിൽ തപാൽ വകുപ്പ് സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ പരിപാടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ദേശീയ ഫിലാറ്റലിക് മ്യൂസിയത്തിൽ നടക്കുന്ന പരിപാടിയിൽ പ്രദർശനം, ക്വിസ്, സ്റ്റാമ്പ് സഫാരി എന്നിവ സംഘടിപ്പിക്കും.

=============================================

## AMIT SHA - (INTRO)

ദുരന്തനിവാരണ വൈദഗ്ധ്യത്തിൽ ആഗോള നേതാവായി ഇന്ത്യ മാറുകയാണെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ആന്ധ്രാപ്രദേശിൽ ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടിൻറെ സൗത്ത് ക്യാമ്പസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(VOICE.........................)**

=============================================

## EPFO - MEMBER PROFILE

അംഗങ്ങളുടെ പ്രൊഫൈലുകൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള പ്രക്രിയ ലളിതമാക്കി ഇപിഎഫ്ഒ. ആധാർ വഴി യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ ഇതിനോടകം സാധൂകരിച്ചിട്ടുള്ള അംഗങ്ങൾക്ക് പേര്, ജനനത്തീയതി, ലിംഗഭേദം, ദേശീയത എന്നിവ രേഖകൾ സമർപ്പിക്കാതെ തന്നെ പ്രൊഫൈലിൽ മാറ്റാൻ കഴിയും. 3.9 ലക്ഷത്തോളം അംഗങ്ങൾക്ക് ഈ പരിഷ്കരണം പ്രയോജനപ്പെടുമെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചു.

=============================================

## KERALA ASSEMBLY

മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്ങിന് ഇന്ന് കേരള നിയമസഭ ആദരാഞ്ജലി അർപ്പിക്കും. നിയമസഭയിൽ ഇന്ന് മറ്റ് കാര്യപരിപാടികൾ ഉണ്ടാകില്ല.

ഗവർണർ ആർ വി ആർലേക്കർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയം നിയമസഭ ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ചർച്ച ചെയ്യും. വെള്ളിയാഴ്ചയാണ് പതിനഞ്ചാം നിയമസഭയുടെ പതിമൂന്നാം സമ്മേളനം ആരംഭിച്ചത്.

==============================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==============================================

## TRUMP OATH – (INTRO)

അമേരിക്കൻ ഐക്യനാടിൻറെ 47-ാമത് പ്രസിഡൻറായി ഡൊണാൾഡ് ജെ ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വാഷിങ്ടൺ ഡിസിയിൽ നടക്കുന്ന ചടങ്ങിൽ വൈസ് പ്രസിഡൻറ് ജെ ഡി വാൻസും സത്യപ്രതിജ്ഞ ചെയ്യും. ഇന്ത്യൻ സമയം ഇന്ന് രാത്രി പത്തരയോടെയാണ് ചടങ്ങുകൾ ആരംഭിക്കുക. **വിശദാംശങ്ങളിലേക്ക്.............**

**(VOICE....................)**

അമേരിക്കയിൽ അതിശൈത്യം തുടരുന്നതിൽ പ്രസിഡൻറിൻറെ സ്ഥാനമേൽക്കൽ ചടങ്ങ് യുഎസ് ക്യാപിറ്റോൾ മന്ദിരത്തിൻറെ ഉള്ളിലെ ഹാളിലാണ് നടക്കുന്നത്. 40 വർഷത്തിന് ശേഷമാണ് പ്രസിഡൻറിൻറെ സത്യപ്രതിജ്ഞ ഇവിടെ നടക്കുന്നത്. 1985-ൽ പ്രസിഡൻറ് റൊണാൾഡ് റീഗൻ രണ്ടാം തവണ അധികാരമേറ്റപ്പോൾ സത്യപ്രതിജ്ഞ അകത്തെ വേദിയിലായിരുന്നു. പ്രസിഡൻറ് ജോ ബൈഡനും ജിൽ ബൈഡനും, മുൻ പ്രസിഡൻറുമാരായ ബിൽ ക്ലിൻറണും ജോർജ്ജ് ഡബ്ല്യു ബുഷും ബരാക് ഒബാമയും ചടങ്ങിൽ പങ്കെടുക്കും. വിവിധ ലോകരാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി

എസ് ജയ്ശങ്കറാണ് ചടങ്ങിൽ പങ്കെടുക്കുന്നത്. ചൈനീസ് വൈസ് പ്രസിഡൻറ് ഹാൻ ഷെങ്ങും പങ്കെടുക്കുമെന്നാണ് റിപ്പോർട്ട്. അർജൻറീന, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികളും പങ്കെടുക്കും. ടെക് വ്യവസായ ഭീമന്മാരായ ടെസ്ല, സ്പേസ് എക്സ് എന്നിവയുടെ എലോൺ മസ്ക്, ആമസോണിന്റെ ജെഫ് ബെസോസ്, മെറ്റയുടെ മാർക്ക് സക്കർബർഗ്, ആപ്പിളിൻറെ ടിം കുക്ക്, ഓപ്പൺ എ ഐയുടെ സാം ആൾട്ട്മാൻ എന്നിവരുടെ സാന്നിധ്യവും ഉണ്ടാകും.
ന്യൂസ് ഡെസ്ക്, ആകാശവാണി....

==============================================

## US-TIK TOK RESUME SERVICE

യു.എസിൽ താത്കാലികമായി നിർത്തിവച്ച സേവനങ്ങൾ പുനരാരംഭിക്കാൻ ഒരുങ്ങി ടിക് ടോക്ക്. ആപ്പിന് ഇളവ് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമെന്ന നിയുക്ത പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻറെ പ്രഖ്യാപനത്തിന് പിന്നാലെയാണ് സേവനം പുനരാരംഭിക്കുന്നത്.

==============================================

## HAMAS RELEASED HOSTAGES

ഗസയിൽ വെടിനിർത്തൽ കരാർ നിലവിൽ വന്നതിൻറെ ഭാഗമായി ബന്ദികളെ വിട്ടയച്ചു തുടങ്ങി. 15 മാസമായി ഗസയിൽ ഹമാസ് തടവിലാക്കിയിരുന്ന മൂന്ന് ബന്ദികൾ തിരിച്ചെത്തിയതായി ഇസ്രയേൽ അറിയിച്ചു. മോചിപ്പിക്കപ്പെട്ട ബന്ദികളുടെ ചിത്രങ്ങൾ ഇസ്രായേൽ സൈന്യം പങ്കുവെച്ചിട്ടുണ്ട്. ഇവരെ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റി. മോചിപ്പിക്കപ്പെടുന്ന ഓരോ ഇസ്രയേലി ബന്ദിക്കും പകരം 30 പലസ്തീൻ തടവുകാരെ ഇസ്രായേൽ ജയിലുകളിൽ നിന്ന് മോചിപ്പിക്കണമെന്നാണ് ഹമാസിന്റെ ആവശ്യം.

==========================================

## KHO KHO + KHO KHO

പ്രഥമ ഖോ ഖോ ലോക കപ്പിൽ  ഇന്ത്യയുടെ പുരുഷ-വനിതാ ടീമുകൾ ജേതാക്കളായി. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന വനിതകളുടെ ഫൈനലിൽ നേപ്പാളിനെ 40 നെതിരെ 78 പോയിൻറ് നേടിയാണ് ഇന്ത്യ ജയം സ്വന്തമാക്കിയത് . പുരുഷ ഫൈനലിൽ, അതേ വേദിയിൽ ഇന്ത്യ നേപ്പാളിനെ 54-36 എന്ന സ്കോറിന് പരാജയപ്പെടുത്തി.

ഖോ ഖോ ലോകകപ്പ് നേടിയ ഇന്ത്യൻ ടീമുകളെ  പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.  രാജ്യത്തെ എണ്ണമറ്റ യുവ അത്ലറ്റുകളെ ഈ വിജയം പ്രചോദിപ്പിച്ചെന്നും അദ്ദേഹം പറഞ്ഞു.

==========================================

## ISL

ISL ഫുട്ബോളിൽ ഗോവ FC യ്ക്ക് ജയം. ഗോവയിൽ, എതിരില്ലാത്ത ഒരു ഗോളിനാണ് ഈസ്റ്റ് ബംഗാൾ FC യെ അവർ തോൽപ്പിച്ചത്.

==========================================

## SAIF ALI KHAN ATTACK CASE

മുംബൈയിൽ ബോളിവുഡ് നടൻ സെയ്ഫ് അലി ഖാനെ വീട്ടിൽകയറി അക്രമിച്ച കേസിലെ പ്രതിയെ അഞ്ച് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു. പ്രതി ബംഗ്ലാദേശി പൗരനാകാനാണ് സാധ്യതയെന്നും അയാളുടെ കൈവശം സാധുവായ ഇന്ത്യൻ തിരിച്ചറിയൽ രേഖയില്ലെന്നും പൊലീസ് അറിയിച്ചു.

==========================================

## JK LG - RAJOURI DEATHS

ജമ്മു കശ്മീരിലെ രജൗരി ജില്ലയിൽ കഴിഞ്ഞ 45 ദിവസത്തിനിടയിൽ 17 പേര് മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം നടത്തി വരികയാണെന്ന് ലെഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ

അറിയിച്ചു. 11 അംഗ പ്രത്യേക അന്വേഷണ സംഘം പോലീസ് രൂപീകരിച്ചെന്നും അദ്ദേഹം അറിയിച്ചു.

==============================================

**SABARIMALA**

മകരവിളക്ക് തീർഥാടനത്തിന് സമാപനം കുറിച്ച് ഇന്ന് രാവിലെ 6.30 ന് ശബരിമല ക്ഷേത്ര നട അടച്ചു. ഗണപതി ഹോമത്തിനു ശേഷം രാവിലെ ആറിന് തിരുവാഭരണ പേടകസംഘം പതിനെട്ടാം പടിയിറങ്ങി പന്തളത്തേക്ക് മടങ്ങി. തുടർന്ന് പന്തളം രാജകൊട്ടാരത്തിൻറെ പ്രതിനിധി ദർശനം നടത്തിയതോടെ നട അടച്ചു. ആചാരപരമായ മറ്റു ചടങ്ങുകളും പൂർത്തിയായതോടെ ഈ വർഷത്തെ മണ്ഡല മകരവിളക്ക് തീർഥാടനത്തിന് പരിസമാപ്തിയായി. കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട അടുത്തമാസം 12-ന് വൈകിട്ട് തുറക്കും.

==============================================

**KOCHI - NAVY**

ദക്ഷിണ മേഖല നാവിക കമാൻഡ് ഇന്നലെ സംഘടിപ്പിച്ച കൊച്ചി നേവി സൈക്ലത്തോണിൽ 800ലധികം പേർ പങ്കെടുത്തു. 75 കിലോമീറ്റർ, 45 കിലോമീറ്റർ എന്നീ വിഭാഗങ്ങളിലാണ് സൈക്ളത്തോൺ സംഘടിപ്പിച്ചത്. സൈക്ലത്തോൺ പൂർത്തിയാക്കിയവർക്ക് മെഡലുകൾ വിതരണം ചെയ്തു.

==============================================

**MERA YUVA BHARAT - KOCHI**

പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടി ഇന്ന് വൈകിട്ട് എറണാകുളം ഗവൺമെൻറ് യൂത്ത് ഹോസ്റ്റലിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര

സംസ്ഥാനങ്ങളിലെ പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 200 യുവജനങ്ങളാണ് ഒരാഴ്ചത്തെ പരിപാടിയിൽ പങ്കെടുക്കുന്നത്.

==================================================

## ENTE BHOOMI – PORTAL

കേരളത്തിൽ നടപ്പാക്കി വരുന്ന സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ 'എൻറെ ഭൂമി' സംയോജിത പോർട്ടൽ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ അസമിൽ നിന്നെത്തിയ സംഘം സംസ്ഥാനത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. അസമിലെ നാഷണൽ ഇൻഫർമാറ്റിക് സെന്റർ, സർവ്വേ വിഭാഗം ഉദ്യോഗസ്ഥരാണ് എത്തിയത്.

==================================================

## SUCHITWA UCHAKODI

കുടുംബശ്രീ ബാലസഭാംഗങ്ങളുടെ അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടിക്ക് തിരുവനന്തപുരത്ത് സമാപനമായി. സംസ്ഥാനത്തൊട്ടാകെയുള്ള ബാലസഭകളിൽ അംഗങ്ങളായ 750-ലേറെ കുട്ടികൾ രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പങ്കാളികളായി.

==================================================

## SHARON MURDER

കഷായത്തിൽ കീടനാശിനി കലർത്തി നൽകി പാറശ്ശാല സ്വദേശി ഷാരോൺ രാജിനെ കൊലപ്പെടുത്തിയെന്ന കേസിൽ ശിക്ഷാവിധി ഇന്ന്. ഒന്നാം പ്രതി പാറശാല സ്വദേശി ഗ്രീഷ്മയും ബന്ധുവായ നിർമല കുമാരൻ നായരും കുറ്റക്കാരാണെന്ന് കഴിഞ്ഞ ദിവസം നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തിയിരുന്നു.

=============================================

## KERALA CM – KAVACHAM

കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ 'കവചം' മുന്നറിയിപ്പ് സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ജില്ലകളിൽ സ്ഥാപിച്ച മുന്നറിയിപ്പ് സംവിധാനത്തിൻറെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും.

=============================================
=============================================
=============================================